**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**

( ഹാജർ.ജാഫർ മലിക്,ഐ.എ.എസ് )

തിരുവനന്തപുരം

ഉത്തരവ് നം ഇ1/18209/14 — തീയതി.1/11/2018

വിഷയം :- സാമൂഹ്യനീതി വകുപ്പ് –ജീവനക്കാര്യം- പത്താം ശമ്പള പരിഷ്കരണം - സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ ഓഫ് പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-1) GO (P) No. 7/2016/ Fin dated 20/01/2016

2) സാമൂഹ്യ നീതി ഡയറക്ടറുടെ 21/04/2016 ലെ ഇ9/800/15 നം ഉത്തരവ്

പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ കേരള മിനിസ്റ്റീരിയൽ സർവീസിലെ സീനിയർ സൂപ്രണ്ട് / തത്തുല്യ തസ്തികയിലെ ജീവനക്കാർക്ക് കേഡർ സ്ട്രെങ്തിന്റെ 25% റേഷ്യോ ഓഫ് പ്രൊമോഷൻ 40500 - 85000 രൂപ ശമ്പള സ്കെയിലിൽ അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയുടെ ആകെ കേഡർ സ്ട്രെങ്ത്തായ 42 ന്റെ 25% ആയ 10 തസ്തികകളിലാണ് ഹയർഗ്രേഡ് ആനുകൂല്യം അനുവദിക്കുന്നതിന് അർഹതയുള്ളത്. നിലവിൽ സീനിയർ സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിൽ 8 പേർ സേവനമനുഷ്ഠിച്ച് വരുന്നു. സീനിയർ സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിലെ മിനിസ്റ്റീരിയൽ സർവീസിൽ ഉൾപ്പെട്ടതും 36600–79200 രൂപ ശമ്പള സ്കെയിലിലുള്ളതുമായ സീനിയർ സൂപ്രണ്ട്/ തത്തുല്യ തസ്തികയുടെ 25 ശതമാനം ഹയർഗ്രേഡ് (റേഷ്യോ ഓഫ് പ്രൊമോഷൻ) പരാമർശം (2) സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ പറയുന്ന 2 ജീവനക്കാർക്ക് കെ.എസ്.ആർ പാർട്ട്-1 ചട്ടം 28 എ യ്ക്ക് വിധേയമായി റീ-ഫിക്സേഷൻ ആനുകൂല്യത്തോടെ 40500–85000 രൂപ ശമ്പള സ്കെയിലിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | ഒഴിവ് വന്ന തീയതി | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|
| 48 | ശ്രീ.ടോമി.എം.ജോസഫ്<br>സീനിയർ സൂപ്രണ്ട്<br>ജില്ലാതല ഐ.സി.ഡി.എസ് സെൽ, കോട്ടയം. | 01/08/2018 | ശ്രീ.വി.എൻ.സുരേഷ്കുമാർ,<br>സീനിയർ സൂപ്രണ്ട്<br>31/7/2018 ന് വിരമിച്ചപ്പോൾ വന്ന ഒഴിവ് |
| 49 | ശ്രീ.എസ്.സാദിഖ്<br>സീനിയർ സൂപ്രണ്ട്<br>ജില്ലാതല ഐ.സി.ഡി.എസ് സെൽ എറണാകുളം | 23/09/2018 | ശ്രീ.കെ.രാജീവൻ<br>സീനിയർ സൂപ്രണ്ടിന്, ജില്ലാ സാമൂഹ്യ നീതി ഓഫീസറായി ഉദ്യോഗക്കയറ്റം 23/09/2018 ന് ലഭിച്ചപ്പോൾ വന്ന ഒഴിവ് |

പരാമർശം (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി ഹയർഗ്രേഡ് അനുവദിക്കപ്പെട്ട തീയതി പ്രാബല്യത്തിൽ ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തുന്നതിനും, ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**സാമൂഹ്യനീതിഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1.അക്കൗണ്ടന്റ് ജനറൽ,കേരള,തിരുവനന്തപുരം (ആമുഖകത്ത് സഹിതം)

2.ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്

3.വനിത ശിശു വികസന ഡയറക്ടർ

3.ജില്ല സാമൂഹ്യനീതി ഓഫീസർ/പ്രോഗ്രാം ഓഫീസർമാർക്ക്

4.സൂപ്രണ്ട്. ഐ.ടി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)

5.ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്

6.സ്റ്റോക്ക്ഫയൽ/സ്പെയർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്